പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,ഹയർസെക്കന്ററിവിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

സി.ജി & എസി/164204/2019/എച്ച്.എസ്.സി

തീയതി : 01/11/2019

## സർക്കുലർ

വിഷയം: ഹ.സെ.വി- സി.ജി & എസി -ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് ഡിസൈനിലുള്ള തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്ന- കേരള ഡിസൈൻ ചലഞ്ച നടത്തുന്നത് സംബന്ധിച്ച്.

സൂചന : 17/10/2019 ലെ DONO GEDN U3/332/2019/GEDN കത്ത്

പ്രളയത്തിനു ശേഷം ഒരു പുനർനിർമ്മാണത്തിന്റെ പ്രധാനപ്പെട്ട ഒരു ഘട്ടത്തിലൂടെ നമ്മുടെ സംസ്ഥാനം കടന്ന് പോയികൊണ്ടിരിക്കുന്നത്. ദുരന്തങ്ങൾ വിനാശകരവും വേദനാജനകവുമാണ് അവ നമ്മുക്ക് സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനുള്ള അവസരമാണ്. ഉൾപന്നങ്ങൾ, സേവനങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ രൂപകൽപന ചിന്തകൾ എന്നിവയ്ക്കുള്ള ഒരു അവസരമാണെരുക്കുന്നു. കേരള സംസ്ഥാന ഐ.ടി വകുപ്പ് ഡിസംബർ 12 മുതൽ 14 വരെ, ബോൾഗാട്ടി കൺവെൻഷൻ സെന്റർ, ഡിസൈൻ ഐലന്റ് കൊച്ചിയിൽ വച്ച് – അന്തർദേശീയ ഡിസൈൻ ഫെസ്റ്റിവൽ 'Kochin Design Week' എന്ന പേരിൽ നടത്തപ്പെടുന്നു. ഇത് ഇൻഡ്യയിലെ തന്നെ ഏറ്റവും വലിയ ഡിസൈൻ ഫെസ്റ്റിവലാണ്. Design sumitt, Electronic Maker Workshops, Design Talks, Exhibitions, Installations തുടങ്ങിയവ ഉണ്ടായിരിക്കുന്നതാണ്.

ഡിസൈനിലുള്ള തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും നൂതനവും സൃഷടിപരവുമായ ആശയങ്ങൾ കൊണ്ട് തന്റെ സിറ്റി/ ടൗൺ/ ഗ്രാമങ്ങൾ രൂപകൽപനചെയ്യുന്നതിനുമാണ് കേരള ഡിസൈൻ ചലഞ്ച് എന്ന പേരിൽ ഒരു മത്സരം ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായ് സംഘടിപ്പിക്കപ്പെടുന്നു. കുട്ടികളുടെ ആശയങ്ങളും ചിന്തകളും പോസ്റ്ററുകൾ, പെയ്ന്റിങ്ങ്, ഫോട്ടോഗ്രാഫി, ഷോർട്ട് ഫിലിം, ലേഖനങ്ങൾ, എന്നിവയിലൂടെ പങ്കുവെക്കാവുന്നതാണ്. ഇതിനായി ഇംഗ്ലീഷ്/മലയാളം ഭാഷകൾ ഉപയോഗിക്കാവുന്നതാണ്. അതിന്റെ പ്രാഥമിക മത്സരങ്ങൾ സ്കൂൾ തലത്തിൽ നവംബർ 30 നകം നടത്തുന്നതിനായ് ഡിസൈൻ സ്ക്കൂളിലെ വോളണ്ടിയർമാരെ സജ്ജമാക്കിട്ടുണ്ട്. അവരുടെ സഹായത്തോട് കൂടി പ്രാഥമിക സ്ക്രീനിംഗ് സ്കൂൾ തലത്തിൽ നടത്തേണ്ടതാണ് ഫൈനൽ സ്ക്രിനിംഗ് കൊച്ചിൻ ഡിസൈൻ വീക്ക്- ൽ വച്ച് ഡിസംബറിൽ നടത്തുന്നത്. ഇതിനെ സംബന്ധിച്ചുള്ള സഹായങ്ങൾക്കും സംശയങ്ങൾക്കും താഴെ നൽകിയിരിക്കുന്ന വെബ്സൈറ്റ്/ ഫോൺ നമ്പർ ഉപയോഗപ്പെടുത്താവുന്നതാണ്.

സംശയങ്ങൾക്ക് : 8156821555(ഓഫീസ് സമയങ്ങളിൽ)
www.Kochidesignweek.org
www.kdc2k19.com

ഒപ്പ്/-
**ഡയറക്ടർ**

**To**

1. എല്ലാ പ്രിൻസിപ്പാൾമാർക്കും
2. എല്ലാ ആർ.ഡി.ഡി- മാർക്കും